കെ.എസ്.ഇ.ബിയുടെ വരുമാനം

97 (322) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.യുടെ ഒരു ദിവസത്തെ ശരാശരി വരുമാനം എത്ര രൂപയാണ് ;

(ബി) കെ.എസ്.ഇ.ബി.യുടെ പ്രവർത്തനത്തിന് ഒരു ദിവസം ശരാശരി എത്ര രൂപയാണ് ആവശ്യമായി വരുന്നത് ; ഇതിൽ ഉല്പാദനചെലവ്, ഭരണപരമായ ചെലവ്, പലിശ, ഇതര ചെലവുകൾ എന്നിവ എത്ര വീതം വരുമെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇപ്പോൾ ഒരു യൂണിറ്റ് വൈദ്യുതി ഗാർഹിക വ്യാവസായിക, കാർഷിക, വാണിജ്യ മേഖലകൾക്ക് എത്ര രൂപക്കാണ് നല്കുന്നത് ;

(ഡി) ഇന്ത്യയിലെ മറ്റ് പ്രധാനപ്പെട്ട സംസ്ഥാനങ്ങളിൽ വൈദ്യുതി ഈ മേഖലകൾക്ക് എന്ത് വിലക്കാണ് നൽകുന്നത് എന്ന് വിശദമാക്കാമോ ;

(ഇ) സംസ്ഥാനത്ത് ഇപ്പോൾ വൈദ്യുതിയുടെ ഉല്പാദനചെലവ് എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ബോർഡിന്റെ ചിലവുകൾ വാർഷികാടിസ്ഥാനത്തിലാണ് കണക്കാക്കി വരുന്നത്.

(സി) ഇപ്പോൾ വിവിധ വിഭാഗം ഉപഭോക്താക്കൾക്ക് നിലവിലുള്ള താരിഫ് വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധം I ആയി വച്ചിരിക്കുന്നു†.

(ഡി) ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ സംബന്ധിച്ച വിവരം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്†.

(ഇ) 1999-2000-ലെ വാർഷിക കണക്കനുസരിച്ച് ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ചെലവ് 2 രൂപ 20 പൈസയാണെന്ന് കണക്കാക്കിയിരിക്കുന്നു.

ഇലക്ട്രിസിറ്റി ബോർഡിന്റെ വരവും ചെലവും

98 (323) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ഡിസംബർ 31-ന് കെ.എസ്.ഇ.ബിയുടെ കടം എത്രയാണ് ;

(ബി) കെ.എസ്.ഇ.ബി.യുടെ മൊത്ത വരുമാനവും മൊത്തം ചെലവും എത്ര വീതമായിരുന്നു ;

† അനുബന്ധം XVIII, XVIII 'എ'

LIBRARY ARCHIVES Kerala Legislative Assembly

(സി) 2000 ഡിസംബർ മാസത്തിൽ മാത്രം ബോർഡിനുണ്ടായ അധിക ചെലവ് എത്രയായിരുന്നു ;

(ഡി) 2000 ഡിസംബറിൽ കായംകുളം താപവൈദ്യുത നിലയത്തിൽ നിന്നും വാങ്ങിയ വൈദ്യുതിക്കും കേന്ദ്രത്തിൽ നിന്നും വാങ്ങിയ വൈദ്യുതിക്കും എന്ത് തുകവീതം ചെലവായി ;

(ഇ) വാർഷിക മെയിന്റനൻസിന് 2000 ഡിസംബറിൽ ഉണ്ടായ ചെലവ് എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഇ) 2000-2001-ലെ ബോർഡിന്റെ വാർഷിക കണക്കുകൾ തയ്യാറാക്കി വരുന്ന തേയുള്ളൂ. 31-3-2000-ലെ വാർഷിക കണക്കനുസരിച്ച് സർക്കാർ വായ്പ ഉൾപ്പെടെ കടം 3551.1 കോടി രൂപയാണ്.

വൈദ്യുതി ഉല്പാദനത്തിലെ ലാഭനഷ്ടം

99 (324) ശ്രീ. പി. ജെ. ജോയി :

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് സംസ്ഥാന വൈദ്യുതി ബോർഡിനുണ്ടാകുന്ന ചെലവെത്രയാണ് ;

(ബി) ഒരു യൂണിറ്റ് വൈദ്യുതി വിൽക്കുമ്പോൾ സംസ്ഥാന വൈദ്യുതി ബോർഡിനുണ്ടാകുന്ന വരവെത്രയാണ് ;

(സി) ഉല്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് വൈദ്യുതി വിൽക്കുമ്പോൾ സംസ്ഥാന വൈദ്യുതി ബോർഡിന് ലാഭമാണോ നഷ്ടമാണോ ഉണ്ടാകുന്നതെന്ന് വെളിപ്പെടുത്തുമോ ; ഇത് എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) വൈദ്യുതി വിൽക്കുന്നതുമൂലം നഷ്ടമാണുണ്ടാകുന്നതെങ്കിൽ വൈദ്യുതിയുടെ വില വർദ്ധിപ്പിക്കുവാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ ;

(ഇ) 2000-2001 വർഷത്തിൽ ഇതുവരെ എത്ര യൂണിറ്റ് വൈദ്യുതി വിറ്റു എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇതുമൂലം ബോർഡിന് നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ ഇതുവരെ ഉണ്ടായ നഷ്ടം എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ജി) വൈദ്യുതി ബോർഡിനെ മൂന്നു ലാഭകേന്ദ്രങ്ങളായി വിഭജിക്കുവാനും ഓരോ ലാഭകേന്ദ്രവും 16 ശതമാനംവീതം ലാഭമുണ്ടാക്കുവാനും ഉള്ള ഒരു പദ്ധതി ഗവൺമെന്റിനുണ്ടായിരുന്നുവോ ;

(എച്ച്) എങ്കിൽ വൈദ്യുതി ബോർഡിനെ ലാഭകേന്ദ്രങ്ങളായി വിഭജിച്ചുവോ ,

(ഐ) ഇല്ലെങ്കിൽ ലാഭകേന്ദ്രങ്ങളായി വിഭജിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly